പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152 — 22.01.2014-ൽ മറുപടിയ്ക്ക്

## പ്രധാനമന്ത്രി പങ്കെടുത്ത മന്ത്രിസഭാ യോഗം

ചോദ്യം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. ബി. സത്യൻ
ശ്രീ. കെ.വി. വിജയദാസ്

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) പ്രത്യേക മന്ത്രിസഭായോഗത്തിൽ പ്രധാനമന്ത്രി പങ്കെടുക്കണമെന്ന് സംസ്ഥാന സർക്കാർ മുൻകൂട്ടി ആവശ്യപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് കത്തയച്ചത് എപ്പോഴായിരുന്നു; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിനായി പ്രത്യേക മന്ത്രിസഭായോഗം തന്റെ സാന്നിദ്ധ്യത്തിൽ ചേരാൻ പ്രധാനമന്ത്രി സമയം അനുവദിക്കുകയുണ്ടായോ;

(സി) എങ്കിൽ പ്രസ്തുത യോഗത്തിന്റെ അജണ്ട എന്തായിരുന്നു; ഇതു സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നോട്ടീസിന്റെയും അജണ്ടയുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എവിടെയാണ് പ്രത്യേക മന്ത്രിസഭായോഗം ചേർന്നത്; അവിടെ യോഗം ചേരുന്നതിന് അനുവാദത്തിനായി ചീഫ് സെക്രട്ടറി കത്ത് നൽകിയിരുന്നോ; അനുവാദത്തിനായി നൽകിയതും അനുവാദം നൽകിക്കൊണ്ടുള്ളതുമായ കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പ്രത്യേക മന്ത്രിസഭായോഗത്തിൽ ആരെല്ലാം പങ്കെടുത്തിരുന്നു; എന്തൊക്കെയായിരുന്നു തീരുമാനങ്ങൾ; വിശദമാക്കാമോ; മന്ത്രിമാരിൽ പങ്കെടുക്കാതിരുന്നവർ ആരൊക്കെയായിരുന്നു;

(എഫ്) പ്രധാനമന്ത്രി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളിൽ തീരുമാനം പ്രഖ്യാപിക്കുകയുണ്ടായി?

(എ) (ബി), (സി), (ഡി), (ഇ) & (എഫ്) പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക മന്ത്രിസഭായോഗം നടന്നിട്ടില്ല. എന്നാൽ പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയും തലസ്ഥാനത്തുണ്ടായിരുന്ന മറ്റ് മന്ത്രിമാരുമായും പ്രധാനമന്ത്രി ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്. തിരുവനന്തപുരത്ത് രാജ്ഭവനിൽ വച്ചാണ് പ്രസ്തുത യോഗം നടന്നത്. സംസ്ഥാനം പ്രധാനമന്ത്രിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങളിൻമേൽ അനുഭാവപൂർവ്വമായ നടപടി കേന്ദ്രഗവൺമെന്റ് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**